www.manoramaonline.com/news
2018 ഫെബ്രുവരി 13, ചൊവ്വ

# കാർഷികരംഗം

# ഓടിക്കാം; കൊമ്പനെയും ചെമ്പനെയും

Manorama 13/2/18



തെങ്ങ

കൃഷിയും നിങ്ങളും

? ചോദ്യം:
കൊമ്പൻ ചെല്ലിയുടെയും ചെമ്പൻ ചെല്ലിയുടെയും ആക്രമണത്തിൽ നിന്നു തെങ്ങിനെ എങ്ങനെ രക്ഷിക്കാം.?

ഉത്തരം:
കൊമ്പൻ ചെല്ലി അഴുകുന്ന ജൈവാവഷ്ടങ്ങളിൽ പെറ്റു പെരുകുന്നതിനാൽ ഇവ പാടെ കത്തിച്ചു നശിപ്പിക്കുക. തോട്ടം വൃത്തിയായി സൂക്ഷിക്കുക. മുൻകരുതൽ നടപടികൾ വർഷത്തിൽ മൂന്നു തവണയായി മേയ്, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ സ്വീകരിക്കാം.

- 250ഗ്രാം വേപ്പിൻ പിണ്ണാക്ക് / മരോട്ടി പിണ്ണാക്ക് 250 ഗ്രാം മണലുമായി കലർത്തി ഓലക്കവിളിൽ നിക്ഷേപിക്കുക.
- തെങ്ങ് ഒന്നിന് 45 ദിവസത്തിലൊരിക്കൽ 10.5 ഗ്രാം പാറ്റാ ഗുളിക ഓലക്കവിളിൽ വച്ച് മണലിട്ടു മൂടുക.
- കീടനാശിനിയായ ക്ലോർ ആന്ത്രാനിലിപ്രോൽ തരികൾ മണലുമായി കലർത്തിയ മിശ്രിതം തെങ്ങ് ഒന്നിനു 250 ഗ്രാം വീതം ഓലക്കവിളിൽ ഇട്ടു കൊടുക്കുക.
- കൊമ്പൻ ചെല്ലി പെറ്റുപെരുകുന്ന വളക്കുഴികളിലും മറ്റു പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടണം. കൊമ്പൻ ചെല്ലിക്കും ചാണകപ്പുഴുവിനും രോഗമുണ്ടാക്കുന്ന മെറ്റാറൈസിയം അനിസപ്ലിലേ എന്ന പച്ച കുമിൾ വെള്ളത്തിൽ കലർത്തി വളക്കുഴികളിലും മണ്ണിര കമ്പോസ്റ്റിലും മറ്റും തളിച്ചുകൊടുക്കുക. കൊമ്പൻ ചെല്ലി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ഫിറോമോൺ കെണി ഹെക്ടറിന് ഒന്നെന്ന തോതിൽ വയ്ക്കാം.

## ചെമ്പൻ ചെല്ലി നിയന്ത്രണ മാർഗങ്ങൾ

കൃത്യമായ ഇടവേളകളിൽ മണ്ടവൃത്തിയാക്കുക. ജീർണിച്ച അവശിഷ്ടങ്ങളും ചെമ്പൻ ചെല്ലി ബാധയേറ്റ തെങ്ങിന്റെ അവശിഷ്ടങ്ങളും പാടെ കത്തിച്ചു നശിപ്പിക്കുക.
തെങ്ങിൻ തടിയിലും മണ്ടയിലും മുറിവുണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധവേണം. മുറിവുണ്ടായാൽ സിമന്റോ ചെളിയും കീടനാശിനിയും കലർത്തിയ മിശ്രിതമോ മുറിവിൽ പുരട്ടുക. ഓലകൾ മുറിച്ചു മാറ്റുമ്പോൾ മണ്ടയിൽ നിന്ന് 1.2 മീറ്റർ നീളം മടൽ ഒഴിവാക്കിയ ശേഷം മുറിക്കുക.

കൊമ്പൻ ചെല്ലിയും കുമ്പു ചീയൽ രോഗവും ചെമ്പൻ ചെല്ലി ബാധ ത്വരിതപ്പെടുത്തുന്നതിനാൽ ഇവ നിയന്ത്രിക്കുക. ചെമ്പൻ ചെല്ലി ബാധയേറ്റ തെങ്ങിന് കീടനാശിനി പ്രയോഗം അനിവാര്യമാണ്. തടയിലുള്ള ദ്വാരങ്ങളെല്ലാം അടച്ചശേഷം ഏറ്റവും മുകളിലെ ദ്വാരത്തിലൂടെ സ്പൈനോസാഡ് എന്ന കീടനാശിനി നാലു മില്ലിലീറ്റർ ഒരു ലീറ്റർ വെള്ളത്തിൽ കലർത്തി തടിയിൽക്കൂടി കൊടുക്കുക.

ഉത്തരം നൽകിയത്:
വി.എസ്.പ്രതിഭ.
(സയിന്റിസ്റ്റ്, എന്റമോളജി സെക്ഷൻ, ക്രോപ് പ്രൊട്ടക്ഷൻ ഡിവിഷൻ, സിപിസിആർഐ, കാസർകോട്)
ഫോൺ: 9400446007